കോഴിക്കോട് വനിതാ പോളിടെക്നിക്കിലെ കോഴ്സുകൾ

26. [1487] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വനിതാ പോളിടെക്നിക്കിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് ;

(ബി) ഏതെങ്കിലും കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ ;

(സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇലക്ട്രോണിക്സ് ഡിപ്ലോമാ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ്.

(ബി) ടിവൽസർ കോസ്റ്റ്യൂം ഡിസൈൻ ആൻറ് ഡ്രസ്സ് മേക്കിംഗ് കോഴ്സ് നിർത്തലാക്കി.

(സി) കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സ് തുടങ്ങുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

സംസ്കൃത സർവ്വകലാശാലയിലെ പഠനമേഖലയിലെ സ്ഥിതിവിവരക്കണക്ക്

27. [1494] ശ്രീ. ടി. കെ. രാമകൃഷ്ണൻ :
,, പി. രാഘവൻ :
,, ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാല ഏതെല്ലാം വിഷയങ്ങളിലാണ് ബിരുദം നൽകുന്നത് ;

(ബി) സംസ്കൃതം പ്രധാനമായും വേദാന്തം സബ്സിഡിയറിയായും വേദാന്തം മെയിനായും സംസ്കൃതം സബ്സിഡിയറിയായും എത്ര കുട്ടികൾ പഠനം നടത്തുന്നുണ്ട് ;

(സി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം ;

(ഡി) സർവ്വകലാശാല ഡിപ്പാർട്ടുമെൻറിൽ ആകെ എത്ര വിദ്യാർത്ഥികൾ സംസ്കൃതവും വേദാന്തവും പഠിക്കുന്നുണ്ട് ?

ഉത്തരം

(എ) സംസ്കൃത സർവ്വകലാശാല നൽകുന്ന ബിരുദങ്ങളുടെ വിഷയങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ഇപ്രകാരമുള്ള കോഴ്സുകൾ സർവ്വകലാശാലയിലില്ല. എന്നാൽ സംസ്കൃതത്തിൽ സാഹിത്യം, ന്യായം, വ്യാകരണം ഇതര സംസ്കൃത പഠനങ്ങൾ എന്നിങ്ങനെ അഞ്ച് ശാഖകളുണ്ട്. സംസ്കൃതത്തിന്റെ വിവിധ ശാഖകളിൽ എം. എ. കോഴ്സിന് 93 കുട്ടികളും ബി. എ. കോഴ്സിന് 780 കുട്ടികളും ബി. എ. ബി. എഡ്. സമ്മിശ്ര കോഴ്സുകളിലായി 359 കുട്ടികളും പഠിക്കുന്നു.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly